GOVERNMENT OF KERALA

Office of the
COMMISSIONER FOR ENTRANCE EXAMINATIONS
Vth Floor, Housing Board Buildings,
Santhi Nagar, Thiruvananthapuram-695 001

Telephone : 0471-2525300, 0471-2332120, 2338487
Fax : 0471-2337228
E-mail : ceekinfo.cee@kerala.gov.in
Website : www.cee.kerala.gov.in
www.cee-kerala.org

No.CEE/3600/keam 2021/TA2.

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി- stray vacancy- സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സർക്കാർ/ സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ 27.11.2021 ന് ശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ 30.11.2021 വൈകുന്നേരം 5 മണിക്ക് മുമ്പായി സ്പോട്ട് അഡ്മിഷൻ മുഖാന്തിരം നികത്തുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രവേശനപരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ സ്പോട്ട് അഡ്മിഷന് പങ്കെടുക്കാൻ സാധിക്കൂ.
2. നിശ്ചയിക്കപ്പെട്ട ദിവസം രാവിലെ 11 മണിക്ക് മുമ്പായി വിദ്യാർത്ഥികൾ കോളേജിൽ ഹാജരാകേണ്ടതാണ്.
3. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ അക്കാദമിക് യോഗ്യതയും, സംവരണം അഥവാ ഫീസ് ആനുകൂല്യം ബാധകമെങ്കിൽ ബന്ധപ്പെട്ട കാറ്റഗറി യോഗ്യതയും ഉറപ്പിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കേണ്ടതാണ്. നിലവിൽ പ്രവേശനം നേടിയിരിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകിയ എൻ.ഒ.സി ഹാജരാക്കുന്ന വിദ്യാർത്ഥികൾക്ക് താൽക്കാലികാടിസ്ഥാനത്തിൽ സീറ്റ് നൽകുകയും, തുടർന്നുള്ള ദിവസം എല്ലാ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കിയതിന് ശേഷം മാത്രം പ്രവേശനം സ്ഥിരപ്പെടുത്തുന്നതുമാണ്.
4. സ്പോട്ട് അഡ്മിഷനുവേണ്ടി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കാറ്റഗറി ലിസ്റ്റിലുള്ള ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് കാറ്റഗറിയിൽ ഒഴിവുണ്ടെങ്കിൽ അതാത് കാറ്റഗറി സീറ്റുകളിൽ പ്രവേശനം നൽകുന്നതാണ്.
5. ഒഴിവുള്ള കാറ്റഗറി സീറ്റുകളിൽ പ്രവേശനം നേടുന്നതിനായി സംവരണ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ ഹാജരായിട്ടില്ല എങ്കിൽ പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് അത്തരം സീറ്റുകൾ convert ചെയ്യുന്നതും തദനുസരണം പ്രവേശനം നൽകുന്നതുമാണ്.

6. പങ്കെടുക്കുന്ന വിദ്യാർത്ഥികളെ അവരുടെ റാങ്ക്, കാറ്റഗറി യോഗ്യത, പ്രോസ്പെക്ടസ് വ്യവസ്ഥകൾ, ലഭ്യമായ ഒഴിവുകൾ എന്നിവക്കനുസൃതമായി പരിഗണിച്ച് പ്രവേശന പട്ടിക തയ്യാറാക്കി അർഹരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതാണ്. സ്പോട്ട് അഡ്മിഷൻ പ്രക്രിയയുടെ ഭാഗമായി കോളേജ്, കോഴ്സ്, ബ്രാഞ്ച് മാറ്റങ്ങൾ അനുവദിക്കുന്നതാണ്.

7. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകിയ മുൻ അലോട്ട്മെന്റുകൾ പ്രകാരം, ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനിയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് എൻ.ഒ.സി നിർബന്ധമല്ല.

8. പ്രോസ്പെക്ടസിലെ ബന്ധപ്പെട്ട പ്രസക്തമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കും പ്രവേശന നടപടികൾ നടത്തുന്നത്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**തിരുവനന്തപുരം**

**27.11.2021**